


# ബലിയായി തീരുന്ന സ്നേഹം

ബ്ര. അഭിഷേക് ഒറവനാംതടത്തിൽ MCBS

ലൂക്കാ. 6: 27-36 (Vol. 9, Issue 67)

പന്തക്കുസ്താ തിരുനാളോടു കൂടെ ആരംഭിക്കുന്ന ശ്ലീഹാക്കാലത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും, ശ്ലീഹന്മാരും സഭയും തമ്മിലുള്ള ബന്ധവും, ആദിമസഭയുടെ ചൈതന്യവും, സഭയുടെ പ്രേഷിത സ്വഭാവം എടുത്തുകാണിക്കലും, പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ സുവിശേഷസന്ദേശവുമായി ലോകമെങ്ങും പോവുകയും വിവിധ സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തു എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും സഭയോടു ചേർന്നും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേർന്നും ഈശോയ്ക്ക് സാക്ഷികളാകുവാൻ വിളിക്കപ്പെട്ടവരാണെന്ന ഓർമ്മപ്പെടുത്തലാണ് ശ്ലീഹാക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നത്. ശ്ലീഹാക്കാലം നാലാം ആഴ്ച്ചയിലേയ്ക്ക് പ്രവേശിക്കുന്ന നമുക്ക് സഭാമാതാവ് വചനവിചിന്തനത്തിനായി തരുന്ന ഭാഗം വി. ലൂക്കായുടെ സുവിശേഷം 6: 27 മുതലുള്ള വാക്യങ്ങളാണ്. സ്നേഹത്തിന്റെ പുതിയ കൽപനയാണ് ഇന്നത്തെ സുവിശേഷത്തിലെ പ്രധാന സന്ദേശം.

ഒരിക്കൽ ഗുരുവിന്റെ അടുത്ത് ഒരു ശിഷ്യൻ വന്നു ചോദിച്ചു: പിതാവേ, ജീവിതത്തിന്റെ സന്തോഷം ഞാൻ എവിടെ കണ്ടെത്തും? അപ്പോൾ ഗുരു പറഞ്ഞു: നിന്റെ സഹോദരരിൽ നീ വെറുക്കുന്നവനും, അൽപം സ്നേഹം മാത്രം കൊടുക്കുന്നവന്റെയും അടുത്തുചെന്ന് അവൻ പറയുന്നത് കേൾക്കുകയും അവന്റെ സങ്കടങ്ങളിൽ പങ്കുചേരുകയും സ്നേഹം നിറഞ്ഞ ഹൃദയത്തോടു കൂടെ അവനെ സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് ജീവിതത്തിന്റെ സന്തോഷം നീ കണ്ടെത്തുന്നത്.

ജീവിതത്തിൽ സ്നേഹം പങ്കുവച്ചു നൽകുക എന്നു പറഞ്ഞാൽ, ഒരുവന്റെ വേദനയിലും സഹനത്തിലും അവനോടുകൂടെ പങ്കുചേരുക എന്നതാണ്. കോറിന്തോസിലെ സഭയ്ക്ക് എഴുതിയ 1: 9-19 വരെ യുള്ള വാക്യങ്ങളിലൂടെ പൗലോസ് ശ്ലീഹാ പറയുന്നത് വളരെ ശ്രദ്ധേയമാണ്. ‘‘ഞാൻ എല്ലാവരിൽ നിന്നും സ്വതന്ത്രനാണെങ്കിലും വളരെപ്പേരെ നേടേണ്ടതിന് ഞാൻ എല്ലാവരുടെയും ദാസനായി തീർന്നിരിക്കുന്നു.’’ ഒരുവനെ സ്നേഹിക്കണമെങ്കിൽ അവനെ അറിയണം. ഒരുവനെ കൂടുതൽ അറിയുമ്പോഴാണ് അവനെ കൂടുതലായിട്ട് സ്നേഹിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ പറഞ്ഞുവയ്ക്കുന്നു.

പഴയനിയമങ്ങളിലൂടെ കടന്നുപോയാൽ മനസ്സിലാകും, ഇസ്രായേൽ ജനത്തിന്റെ മേൽ എപ്പോഴും ദൈവസ്നേഹം നിറഞ്ഞുനിന്നിരുന്നു എന്ന്. അതുകൊണ്ടാണ് അവർ അകന്നുപോയ സമയത്തൊക്കെയും ദൈവം അവരെ തിരിച്ചുകൊണ്ടു വരുന്നത്. ഇന്നത്തെ പഴയനിയമ വായനയായ ഏശയ്യാ 1:11-ാം വാക്യത്തിൽ കർത്താവ് ഇസ്രായേൽ ജനതയോട് പറയുന്നുണ്ട്: ‘‘നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്? മുട്ടാടുകളെക്കൊണ്ടുള്ള ദഹനബലികളും കൊഴുത്ത മൃഗങ്ങളുടെ മേദസ്സും എനിക്ക് മതിയായി.’’ കർത്താവ് ഇത് പറയുവാൻ കാരണം,

ഈ ബലികളെല്ലാം അവർ അർപ്പിച്ചിരുന്നത് ഒരു കടമ നിർവ്വഹണത്തിന്റെ ഭാഗമായിട്ടായിരുന്നു. ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ച്, വാഗ്ദത്തദേശത്തേയ്ക്ക് കൊണ്ടുവന്ന് എല്ലാ സുഖസൗകര്യങ്ങളും നൽകിയപ്പോൾ ഇസ്രായേൽ ജനം ദൈവസ്നേഹത്തിൽ നിന്നകന്ന് സുഖസൗകര്യങ്ങളെ സ്നേഹിച്ചു. ദൈവ സ്നേഹം അവർ മറന്നുപോയി.

നിയമം പൂർത്തിയാക്കുവാൻ വന്ന ഈശോ നൽകിയ ഏകനിയമം സ്നേഹം മാത്രമാണ്. കാരണം, നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്എന്ന് റോമായിലെ സഭയ്ക്കെഴുതിയ ലേഖനം 13-ാം അധ്യായം 10-ാം വാക്യത്തിൽ നാം കാണുന്നുണ്ട്. ദൈവമക്കളാവുക, പിതാവിന്റെ പരിപൂർണ്ണതയിലേയ്ക്കു വളരുക എന്നൊക്കെ പറഞ്ഞാൽ അതിന്റെ അർത്ഥം സ്നേഹിക്കുക എന്നു മാത്രമാണ്. പുതിയ നിയമത്തിന്റെ സുവർണ്ണ നിയമം, ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും അനുകരിക്കലാണ്.

സ്നേഹിക്കുകയെന്നത് എല്ലാ മനുഷ്യരിലും ദൈവം നിക്ഷേപിച്ചിട്ടുള്ള കാര്യമാണെങ്കിലും ശത്രുക്കളെ സ്നേഹിക്കുക എന്നത് സ്വാഭാവികമല്ല. അത് ദൈവീകഭാവമാണ്. ക്രിസ്തുശിഷ്യന് സ്വാഭാവിക സ്നേഹം മാത്രം ഉണ്ടായാൽ പോരാ, ദൈവീകസ്നേഹത്താൽ നിറയപ്പെടണമെന്നും വചനം പങ്കുവയയ്ക്കുകയാണ്. സ്നേഹം എന്നതിന് ഗ്രീക്ക് ഭാഷയിൽ പല വാക്കുകളുണ്ട്. സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹം, ഭാര്യാ-ഭർതൃസ്നേഹം ഇങ്ങനെ വ്യത്യസ്ത സ്നേഹഭാവങ്ങളെ സൂചിപ്പിക്കാൻ വ്യത്യസ്ത പദങ്ങളുപയോഗിക്കുന്നു. ഇവിടെ സുവിശേഷത്തിൽ കൊടുത്തിരിക്കുന്നത് 'അഗാപ്പെ' എന്ന പദമാണ്. ദൈവീകസ്നേഹഭാവമാണ് അഗാപ്പെ. സ്വാർത്ഥതയും സുഖേച്ഛയും നിറഞ്ഞ ഇഷ്ടങ്ങളുടെ ലോകത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്തീയസ്നേഹം ഇഷ്ടങ്ങളല്ല മറിച്ച്, പരിപൂർണ്ണവും പൂർണ്ണഹൃദയത്തോടും കൂടിയുള്ള സ്നേഹമാണ്. ക്രിസ്തുശിഷ്യന്റെ ജീവിതം ഇപ്രകാരം പരിപൂർണ്ണമായ സ്നേഹത്താൽ ഉറപ്പിക്കപ്പെട്ടതാകണം.

പരിപൂർണ്ണസ്നേഹം എന്നുപറഞ്ഞാൽ അത്, ശത്രുക്കളെയും നമ്മെ ദ്രോഹിച്ചവരെയും ഉൾക്കൊള്ളുന്ന സ്നേഹമായിരിക്കണം. അത് കേവലം ഒരു വികാരപ്രകടനമാവരുത്. മറിച്ച്, പരിധികളും ഉപാധികളുമില്ലാതെയുള്ള സ്നേഹമാവണം. തെർത്തുല്യൻ ഇങ്ങനെ പറഞ്ഞുവയ്ക്കുന്നു: ''സുഹൃത്തുക്കളെ സ്നേഹിക്കുക എന്നത് എല്ലാവർക്കും സാധിക്കും. എന്നാൽ, ശത്രുവിനെ സ്നേഹിക്കുക എന്നത് ക്രിസ്ത്യാനിക്ക് മാത്രം സ്വാഭാവികമായ കാര്യമാണ്.'' സ്നേഹിക്കുന്നവരെയും ആദരിക്കന്നവരെയും മാത്രം തിരിച്ചു സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതല്ല ക്രൈസ്തവ ജീവിതശൈലി. മറിച്ച്, ദുഷ്ടരോടും പാപികളോടും കരുണ കാണിക്കുന്ന ദൈവപിതാവിന്റെ മക്കളായിത്തീരലാണ്. ശത്രുവിനെ ആക്രമിച്ചു കീഴ്പ്പെടുത്തലല്ല മറിച്ച്, സ്നേത്തിലൂടെ അവനെ ദൈവത്തിനായി സ്വന്തമാക്കലാണ് ക്രൈസ്തവ ജീവിതത്തിന്റെ മറ്റൊരു ശൈലി.

ഒരു ക്രൈസ്തവന്റെ മാതൃക എന്നുപറയുന്നത് ഈശോ തന്നെയാണ്. ഈശോയുടെ ജീവിതം മുഴുവൻ സ്നേഹമായിരുന്നു. സ്വയം ശൂന്യമാക്കി പീഡിപ്പിച്ചവരോട് ക്ഷമിച്ചും ബന്ധിക്കുവാൻ വന്നവന് സൗഖ്യം കൊടുത്തും കുരിശിൽ കിടന്നപ്പോൾ പോലും കള്ളന് പ്രത്യാശ വാഗ്ദാനം ചെയ്തവനുമാണ് യേശു. യേശുവിന്റെ തോൽവികൾ നമ്മെ പഠിപ്പിക്കുന്ന പാഠമിതാണ് - സ്നേഹിക്കുന്നവന് മാത്രമേ തോറ്റുകൊടുക്കുവാൻ സാധിക്കുകയുള്ളൂ. കുഞ്ഞിന്റെ ശാഠ്യത്തിനു മുമ്പിൽ തോറ്റുകൊടുക്കുന്ന അമ്മയുടെ ആർദ്രമായ സ്നേഹം പോലെയാണ് ഈശോയുടെ സ്നേഹം.

ഈശോയുടെ സ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മൾ നിരന്തരം സ്വീകരിക്കുന്ന വി. കുർബാന. ''വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ ഞാനും ക്രിസ്തുവും ഒന്നായിത്തീരുന്നു'' എന്നാണ് വി. അഗസ്റ്റിൻ പറയുന്നത്. നമുക്കുവേണ്ടി എല്ലാ ദിവസവും മുറിയപ്പെടുന്ന ക്രിസ്തുവിനുവേണ്ടി വി. എഫ്രേമിന്റെ ഭാഷയിൽ പറഞ്ഞാൽ ''നമുക്കു വേണ്ടി ബലിയാടായി മാറിയ ഇടയനു വേണ്ടി അൽപമെങ്കിലും സ്നേഹം മാറ്റിവച്ചിട്ടുണ്ടോ'' എന്ന് നാം ഓർക്കേണ്ടതാണ്. നമുക്കുവേണ്ടി മുറിയപ്പെടുന്ന ക്രിസ്തുവിനായി നമ്മുടെ ജീവിതം മുഴുവനായി തന്നെ സമർപ്പിക്കുവാൻ കടപ്പെട്ടവരാണ് നാം.

ഇടവക എന്നു പറയുമ്പോൾ സ്നേഹിക്കുന്നവരുടെ കൂട്ടായ്മയാണ്. സ്നേഹിക്കുന്നവരുടെ ആ കൂട്ടായ്മയിലേയ്ക്ക് കടന്നുവരുവാൻ ക്രിസ്തുവിന് വളരെ എളുപ്പമാണ്. കുടുംബം സ്നേഹിക്കപ്പെടുന്നവരുടെ ഇടവും. കുടുംബത്തിൽ നിന്നുമാണ് സ്നേഹബന്ധങ്ങളുടെ വളർച്ച ആരംഭിക്കുന്നത്.

പ്രിയപ്പെട്ട സഹോദരങ്ങളെ, ലോകം വച്ചുനീട്ടുന്ന ഇഷ്ടങ്ങളിലേയ്ക്ക് കാലെടുത്തു വയ്ക്കാതെ വി. കുർബാനയിലൂടെ കിട്ടുന്ന ദൈവസ്നേഹത്തിന്റെ പരിപൂർണ്ണത മനസ്സിലാക്കി, അത് ആസ്വദിച്ച് പകർന്നു നൽകുന്നവനായി ലോകത്തിലേയ്ക്ക് ഇറങ്ങിത്തിരിക്കുവാനുള്ള ശക്തിയും കൃപയും തരണമെന്ന് ഈ വി. കുർബാനയിൽ നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.